സൂറഃ-7

# അൽ അഅ്റാഫ്

وَكَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ وَلَعَلَّهُمْ يَرْجِعُونَ ﴿١٧٤﴾

وَٱتْلُ عَلَيْهِمْ نَبَأَ ٱلَّذِىٓ ءَاتَيْنَٰهُ ءَايَٰتِنَا فَٱنسَلَخَ مِنْهَا فَأَتْبَعَهُ ٱلشَّيْطَٰنُ
فَكَانَ مِنَ ٱلْغَاوِينَ ﴿١٧٥﴾

وَلَوْ شِئْنَا لَرَفَعْنَٰهُ بِهَا وَلَٰكِنَّهُۥٓ أَخْلَدَ إِلَى ٱلْأَرْضِ وَٱتَّبَعَ هَوَىٰهُ ۚ فَمَثَلُهُۥ
كَمَثَلِ ٱلْكَلْبِ إِن تَحْمِلْ عَلَيْهِ يَلْهَثْ أَوْ تَتْرُكْهُ يَلْهَث ۚ ذَّٰلِكَ مَثَلُ ٱلْقَوْمِ
ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا ۚ فَٱقْصُصِ ٱلْقَصَصَ لَعَلَّهُمْ يَتَفَكَّرُونَ ﴿١٧٦﴾

**174.** ദൃഷ്ടാന്തങ്ങളെ നാം ഈവിധം വിശദീകരിച്ചുതരികയാകുന്നു; ജനം സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചുവരാൻ.

**175.** പ്രവാചകൻ അവർക്ക് ഒരാളുടെ കഥ പറഞ്ഞുകൊടുക്കുക. അയാൾക്കു നാം സത്യദൃഷ്ടാന്തങ്ങളരുളിയിട്ടുണ്ടായിരുന്നു. പക്ഷേ, അയാളതിൽനിന്നൂരിച്ചാടുകയായിരുന്നു. അപ്പോൾ ചെകുത്താൻ അയാളെ പിന്തുടർന്നു. അങ്ങനെ അയാൾ വഴികെട്ടവനായിത്തീർന്നു.

**176.** നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആ ദൃഷ്ടാന്തങ്ങൾ വഴി അയാളെ ഉന്നത പദവികളിലേക്കുയർത്തുമായിരുന്നു. പക്ഷേ, അയാൾ മണ്ണിലേക്കൊട്ടിക്കളഞ്ഞു. ജഡികേഛകളെത്തന്നെ പിൻപറ്റുകയും ചെയ്തു. അതിനാൽ അയാളുടെ ഗതി പട്ടിയുടേതുപോലെയായി. നീ അതിനെ ഉപദ്രവിച്ചാൽ അതു നാക്കു നീട്ടി കിതച്ചുകൊണ്ടിരിക്കും. വെറുതെ വിട്ടാലും നാക്കു നീട്ടി കിതച്ചുകൊണ്ടുതന്നെയിരിക്കും. ഇതാകുന്നു നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞ ജനത്തിന്റെ ഉപമ. ഈ കഥകൾ അവരെ കേൾപ്പിച്ചുകൊണ്ടിരിക്കുക – അവർ ചിന്തിച്ചെങ്കിലോ.

وَكَذَٰلِكَ = ഈ വിധം نُفَصِّلُ = നാം വിശദീകരിച്ചുതരുന്നു ٱلْءَايَٰتِ = ദൃഷ്ടാന്തങ്ങളെ

وَلَعَلَّهُمْ يَرْجِعُونَ = അവർ (ജനം സത്യത്തിലേക്കും ധർമത്തിലേക്കും) തിരിച്ചുവരാൻ

وَٱتْلُ = നീ ഓതുക (പറഞ്ഞുകൊടുക്കുക) عَلَيْهِمْ = അവ(ർക്കു)രുടെ മേൽ نَبَأَ = വർത്തമാനം (കഥ)

ٱلَّذِىٓ ءَاتَيْنَٰهُ = യാതൊരു ആൾക്ക് നാം നൽകിയിട്ടുണ്ടായിരുന്നുവോ ആ ഒരാളുടെ ءَايَٰتِنَا = നമ്മുടെ (സത്യ) ദൃഷ്ടാന്തങ്ങൾ

فَٱنسَلَخَ = അപ്പോൾ അയാൾ ഊരിച്ചാടുകയായിരുന്നു, ഒഴിഞ്ഞുമാറി مِنْهَا = അതിൽനിന്ന് فَأَتْبَعَهُ = അപ്പോൾ അയാളെ പിന്തുടർന്നു

ٱلشَّيْطَٰنُ = ചെകുത്താൻ فَكَانَ = അങ്ങനെ അയാൾ ആയിത്തീർന്നു مِنَ ٱلْغَاوِينَ = വഴികെട്ടവ(ൻ)രിൽ പെട്ടവൻ

وَلَوْ شِئْنَا = നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ لَرَفَعْنَٰهُ = തീർച്ച നാം അയാളെ (ഉന്നതപദവികളിലേക്ക്) ഉയർത്തുമായിരുന്നു;

بِهَا = അതുകൊണ്ട് (ആ ദൃഷ്ടാന്തങ്ങൾ വഴി) وَلَٰكِنَّهُۥٓ = പക്ഷേ, അയാൾ أَخْلَدَ = ചാഞ്ഞു, ഒട്ടിക്കളഞ്ഞു

إِلَى ٱلْأَرْضِ = ഭൂമിയി(മണ്ണി)ലേക്ക് وَٱتَّبَعَ = അയാൾ പിൻപറ്റുകയും ചെയ്തു هَوَىٰهُ = അയാളുടെ ജഡികേഛയെ (തന്നെ)

فَمَثَلُهُۥ = അതിനാൽ അയാളുടെ ഉദാഹരണം (ഗതി) كَمَثَلِ ٱلْكَلْبِ = പട്ടിയുടെ(ടേതുപോലെയായി) ഉദാഹരണം പോലെ

إِن تَحْمِلْ عَلَيْهِ = നീ അതിന്റെ മേൽ ചുമത്തിയാൽ (അതിനെ ഉപദ്രവിച്ചാൽ) يَلْهَثْ = അതു നാക്കുനീട്ടി കിതച്ചുകൊണ്ടിരിക്കും

أَوْ تَتْرُكْهُ = അല്ലെങ്കിൽ നീ അതിനെ വെറുതെ വിട്ടാലും يَلْهَث = അതു നാക്കു നീട്ടി കിതച്ചുകൊണ്ട്(തന്നെ) ഇരിക്കും

ذَّٰلِكَ = ഇതാകുന്നു مَثَلُ ٱلْقَوْمِ = ജനത്തിന്റെ ഉപമ ٱلَّذِينَ كَذَّبُوا۟ = തള്ളിപ്പറഞ്ഞവരായ بِـَٔايَـٰتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളെ

فَٱقْصُصِ = അതിനാൽ കഥപറയുക (കേൾപ്പിച്ചുകൊണ്ടിരിക്കുക) ٱلْقَصَصَ = (ഈ) കഥകൾ

لَعَلَّهُمْ يَتَفَكَّرُونَ = അവർ ചിന്തിച്ചെങ്കിലോ

**174:** ഈവിധം -كَذَٰلِكَ- എന്നു പറയുന്നതിന്റെ വിവക്ഷ മുൻ സൂക്തങ്ങളിൽ പറഞ്ഞവിധം എന്നാണ്. ദൃഷ്ടാന്തങ്ങൾ അല്ലെങ്കിൽ സൂക്തങ്ങൾ വിവരിച്ചുതരുന്നു എന്നതിന്റെ താൽപര്യം ഉണ്മയുടെ ഗൂഢാർഥങ്ങൾ വെളിപ്പെടുത്തിത്തരുന്നു എന്നാവാം. മനുഷ്യരെ അവരുടെ ജീവിത ലക്ഷ്യം ഉണർത്തുക എന്ന അല്ലാഹുവിന്റെ ഉത്തരവാദിത്വം അല്ലെങ്കിൽ ന്യായം ഇങ്ങനെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നുമാവാം. 'അവൻ മടങ്ങേണ്ടതിന്' എന്ന പിൻമൊഴി ഈ ആശയത്തെയാണ് ബലപ്പെടുത്തുന്നത്. സുവ്യക്തമായ ഈ ഉദ്ബോധനത്തിനുശേഷം ഇനിയവർക്ക് അല്ലാഹുവിന്റെ മുമ്പിൽ യാതൊരു ന്യായവും പറയാനുണ്ടാവില്ല. അതുകൊണ്ട് അല്ലാഹുവിങ്കലേക്ക് മടങ്ങണമെന്നുള്ളവർ മടങ്ങിക്കൊള്ളട്ടെ. ആദിയിൽ ഉണ്ടായിട്ടുള്ള ഉടമ്പടിക്കു പുറമെ, പ്രവാചകന്മാരെ അയച്ച് ആ ഉടമ്പടിയെക്കുറിച്ച് ഓർമിപ്പിക്കുന്നത് അവന് മനുഷ്യരോടുള്ള കാരുണ്യം കൊണ്ടാണ്. സ്വന്തം പ്രതിജ്ഞ മറന്നുപോയവർ ഇനിയെങ്കിലും ഓർമിച്ച് സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചുവരാനാണിങ്ങനെ ചെയ്തിരിക്കുന്നത്. ഇനിയും ഉണരാതെ അസത്യത്തിലും അധർമത്തിലും ഉറങ്ങിക്കിടക്കുകയാണെങ്കിൽ അതിന്റെ അനന്തരഫലങ്ങൾക്കുത്തരവാദികൾ അവർ മാത്രമായിരിക്കും. മറ്റാരുടെയെങ്കിലും തലയിൽ അതു വെച്ചുകെട്ടാനുള്ള യാതൊരു ശ്രമവും വിചാരണാവേളയിൽ വിജയിക്കുകയില്ല.

ഈ ഉടമ്പടി സംബന്ധിച്ച് ഉന്നയിക്കപ്പെടാവുന്ന ഒരു ചോദ്യമുണ്ട്: അഭൗതികലോകത്ത് താൻ അല്ലാഹുവുമായി ഇങ്ങനെയൊരു ഉടമ്പടി ചെയ്തിട്ടുള്ളതായി മനുഷ്യന്റെ സ്മരണാമണ്ഡലത്തിലുണ്ടോ, മറന്നുപോയെങ്കിൽ പ്രവാചക സന്ദേശങ്ങളിലൂടെ ഓർമിപ്പിക്കുമ്പോഴെങ്കിലും അവനതോർക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ഫലത്തിൽ മനുഷ്യന്റെ മനസ്സിലില്ലാത്ത ഒരു കരാറിന്റെ പേരിൽ അവൻ വിചാരണ ചെയ്യപ്പെടുന്നത് ന്യായമാണോ? മറുപടി ഇതാണ്: കരാറിന്റെ സ്ഥലവും സന്ദർഭവും മനുഷ്യൻ ഓർക്കുന്നില്ലായിരിക്കാം. പക്ഷേ, കരാറിന്റെ ഉള്ളടക്കം അവന്റെ മനസ്സിലുണ്ട്. സ്ഥലവും സന്ദർഭവും ഓർക്കാത്തതിന് അവന്റെ സ്വയം സമ്മതത്തിൽ യാതൊരു സ്വാധീനവുമില്ല. ഏറിവന്നാൽ, കരാറ് ഞാൻ ഓർക്കുന്നു പക്ഷേ, അതെപ്പോൾ എവിടെ വെച്ച് ഉണ്ടാക്കി എന്നോർക്കുന്നില്ല എന്നേ പറയാൻ കഴിയൂ. അതിന്റെ സ്ഥലവും സന്ദർഭവുമൊക്കെ അഭൗതികമാണ്. അല്ലാഹുവിനേ അതു പറയാൻ കഴിയൂ. അവനതു പറഞ്ഞുതന്നിരിക്കുകയാണിവിടെ; ഈ കരാറുണ്ടായത് നിങ്ങൾക്ക് ഭൗതികാസ്തിത്വം ലഭിക്കുന്നതിനു മുമ്പ് സൃഷ്ടിയുടെ പ്രാരംഭദശയിൽ അഭൗതികലോകത്തു വെച്ചാണെന്ന്. ഇതൊന്നും ഓർമിപ്പിച്ചില്ലെങ്കിൽ പോലും കരാറിന്റെ അടിസ്ഥാന രേഖ നിങ്ങളുടെ ആത്മാവിലുള്ളതിനാൽ അല്ലാഹുവിന്റെ ന്യായം പൂർത്തിയായിരിക്കുന്നു.

ഖുർആനിക ദർശനത്തിന്റെ പൊരുൾ മനുഷ്യപ്രകൃതിയിലധിഷ്ഠിതമാണ്. അത് അവതരിപ്പിക്കുന്ന ആദർശതത്ത്വങ്ങളും കൽപിക്കുന്ന ധർമങ്ങളും നന്മകളും വിലക്കുന്ന തിന്മകളും ദുരാചാരങ്ങളുമൊന്നും പുറത്തുനിന്ന് കൊണ്ടുവന്നതല്ല. എല്ലാം അവന്റെ പ്രകൃതിയിൽ, ആത്മാവിൽ തന്നെയുള്ളതാണ്. ക്ഷണിക സുഖങ്ങളോടുള്ള ആസക്തിയാൽ അവയെല്ലാം വിസ്മൃതിയിലമർന്നുകിടക്കുകയായിരുന്നു. വിസ്മൃതിയുടെ കയങ്ങളിൽനിന്ന് അവയെ സജീവ ബോധത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന ذكر (സ്മരണിക)യാണ് ഖുർആൻ: وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾ (ഈ ഖുർആനിനെ നാം അനുസ്മരിക്കുന്നതിനുവേണ്ടി ലളിതമാക്കിയിരിക്കുന്നു. സ്മരിക്കാൻ സന്നദ്ധതയുള്ളവരുണ്ടോ?- 54:17).

**175:** മുൻസൂക്തങ്ങളിൽ, മനുഷ്യരാശി ആദിയിൽ അല്ലാഹുവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞയെ കുറിച്ചോർമിപ്പിച്ചശേഷം മനുഷ്യർ അത് ലംഘിക്കുന്നത് സോദാഹരണം ചൂണ്ടിക്കാണിക്കുകയാണിവിടെ. അവർക്കു പറഞ്ഞുകൊടുക്കുക എന്ന വാക്യത്തിലെ 'അവർ' ഈ സൂക്തങ്ങളുടെ പ്രഥമസംബോധിതരായ അറബികളാണ്. അവർക്കുശേഷം അന്ത്യനാൾവരെയുള്ള എല്ലാ അനുവാചകരും ഇതിന്റെ സംബോധിതരിൽപെടുന്നു. ചില വ്യാഖ്യാതാക്കൾ ഈ 'അവർ' യഹൂദരാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. തൊട്ടുമുമ്പുള്ള സൂക്തങ്ങളും ഈ സൂക്തവും സംസാരിക്കുന്നത് യഹൂദരെക്കുറിച്ചാകയാൽ സംബോധിതരും അവർതന്നെ എന്നാണവരുടെ ന്യായം. പക്ഷേ, മക്കീസൂറയായ *അൽഅഅ്റാഫിൽ* യഹൂദരെ മാത്രം സംബോധന ചെയ്യുന്ന സൂക്തങ്ങൾ അവതരിക്കുക വിദൂരമാണ്.

ഈ സൂക്തം സൂചിപ്പിക്കുന്ന 'ഒരാൾ' ആരാണെന്നതു സംബന്ധിച്ച് വ്യത്യസ്തമായ ധാരാളം നിവേദനങ്ങളുണ്ട്. ബൽആം ബിൻ ബാഊറാ (ബിലെയാം) എന്ന ഇസ്രാഈല്യനാണതെന്ന് പറയുന്ന നിവേദനങ്ങളാണധികവും. സഖീഫ് ഗോത്രക്കാരനായ ഉമയ്യത്തുബ്നു അബിസ്സ്വൽതാണെന്നാണ് ചില നിവേദനങ്ങളിലുള്ളത്. വേറെ ചില നിവേദനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ആമിർ റാഹിബ് എന്നൊരാളെയാണ്. മൂവരും വിശ്രുതരായ വിദ്വാന്മാരായിരുന്നു. സൂക്തം സൂചിപ്പിക്കുന്നത് ബിലെയാമിനെയാണ് എന്ന അഭിപ്രായത്തിനാണ് ഏറെ പ്രചാരം. മൂസാ(അ)യുടെ കാലത്ത് ജീവിച്ച മഹാപണ്ഡിതനായിരുന്നുവത്രെ ഇദ്ദേഹം. പണ്ഡിതനായ ഭക്തൻ എന്ന നിലയിൽ അദ്ദേഹത്തിന് പലസിദ്ധികളുമുണ്ടായിരുന്നു. അതിനെക്കുറിച്ചാണ് ءَاتَيْنَـٰهُ ءَايَـٰتِنَا (നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകി) എന്നു പറഞ്ഞത്. എന്നാൽ ഈ വാക്കിന് യാഥാർഥ്യം മനസ്സിലാക്കാനുള്ള ദൃഷ്ടാന്തങ്ങൾ - ജ്ഞാനം, അല്ലെങ്കിൽ വേദവിജ്ഞാനം നൽകി എന്ന അർഥവും തികച്ചും യുക്തമാകുന്നു. ബിലെയാമിനെക്കുറിച്ചുള്ള ഒരു കഥ ഇങ്ങനെയാണ്: ഇദ്ദേഹത്തിന്റെ വാക്കുകൾക്ക് വലിയ വിലയായിരുന്നു. പ്രതിസന്ധിഘട്ടങ്ങളിലൊക്കെ മൂസാ(അ) അദ്ദേഹത്തെ മുമ്പിൽനിർത്തിയിരുന്നു. പ്രമുഖന്മാരോട് സംസാരിക്കാൻ നിയോഗിച്ചിരുന്നതും ബിലെയാമിനെ തന്നെ. ഒരിക്കൽ മൂസാ(അ) ബിലെയാമിനെ മദ്യൻ രാജാവിനെ പ്രബോധനം ചെയ്യാൻ നിയോഗിച്ചു. രാജാവ് അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിക്കുന്നതിനു പകരം കുറേ ഭൂമി പതിച്ചുകൊടുത്ത് തൃപ്തനാക്കുകയാണുണ്ടായത്. അങ്ങനെ ബിലെയാം മൂസായുടെ മതം വെടിഞ്ഞ് രാജാവിന്റെ മതത്തിൽ ചേർന്നു. മറ്റൊരു കഥ ഇങ്ങനെയാണ്: അല്ലാഹു മൂന്ന് പ്രാർഥനക്ക് വരം നൽകിയ ഒരാളായിരുന്നു ബിലെയാം. അയാൾക്ക് ഒരു ഭാര്യയും മക്കളുമുണ്ടായിരുന്നു. ഒരിക്കൽ ഭാര്യ അയാളോടു പറഞ്ഞു: 'അങ്ങയുടെ മൂന്ന് പ്രാർഥനകളിലൊന്ന് എനിക്ക് തരണം.' അയാൾ പറഞ്ഞു: 'ശരി ഒന്ന് നിനക്കുള്ളതാവട്ടെ. നീ ആ

ഗ്രഹിക്കുന്നതെന്താണ്?' അവൾ: 'ഞാൻ ഇസ്രായേലിലെ ഏറ്റവും സുന്ദരിയായ സ്ത്രീയാവാൻ അങ്ങ് പ്രാർഥിക്കൂ.' അദ്ദേഹം പ്രാർഥിക്കുകയും അവർ അതിസുന്ദരിയായി മാറുകയും ചെയ്തു. അപ്പോൾ അവർക്കു തോന്നി, ലോകൈക സുന്ദരിയായ തനിക്ക് ചേർന്നവനല്ല തന്റെ ഭർത്താവെന്ന്. ഇതു മനസ്സിലാക്കിയ ബിലേയാം തന്റെ രണ്ടാമത്തെ വരം ഉപയോഗിച്ച് അവളെ ഒരു പെൺപട്ടിയാക്കി. അങ്ങനെ രണ്ടുവരം നഷ്ടപ്പെട്ടു. പിന്നെ അയാളുടെ മക്കൾ വന്ന് അയാളോട് പറഞ്ഞു. ഞങ്ങൾക്കിത് സഹിക്കാനാവുന്നില്ല. ആളുകൾ ഞങ്ങളെ പട്ടിയുടെ മക്കൾ എന്ന് വിളിച്ച് അവഹേളിക്കുകയാണ്. അതുകൊണ്ട് അങ്ങ് അവരെ പ്രാർഥിച്ച് പൂർവസ്ഥിതിയിലാക്കണം. മക്കളുടെ സമ്മർദം മൂലം അയാൾ തന്റെ അവസാനത്തെ വരവും ഉപയോഗിക്കാൻ നിർബന്ധിതനായി. ബിലെയാം അല്ലാഹുവിനോട് പ്രാർഥിച്ച് ഭാര്യയെ പൂർവസ്ഥിതിയിലാക്കി. അങ്ങനെ അയാളുടെ അമൂല്യമായ മൂന്നു വരങ്ങളും ആർക്കും ഒരു പ്രയോജനവുമില്ലാതെ നഷ്ടപ്പെട്ടു.

ബിലെയാം പ്രാർഥനകൾ ഫലിക്കുന്ന ഒരു കൻആനി നേതാവായിരുന്നുവെന്നാണ് മറ്റൊരു കഥ. മൂസാ(അ)യും സംഘവും ഒരിക്കൽ അയാളുടെ പ്രദേശത്തെത്തി. ഇതുകണ്ട് ബിലെയാമിന്റെ ഗോത്രക്കാർ അദ്ദേഹത്തോടു പറഞ്ഞു: മൂസാ എന്ന നേതാവ് വൻസൈന്യവുമായി എത്തിയിരിക്കുകയാണ്. അവർ അക്രമിച്ചാൽ നാം നശിച്ചുപോകും. അതുകൊണ്ട് അവരെ തടയാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. ബിലെയാമിന് മൂസായുടെ യാഥാർഥ്യം അറിയാമായിരുന്നു. അതുകൊണ്ട് ആദ്യം അയാൾ വിസമ്മതിച്ചു. മൂസാക്കെതിരെ പ്രാർഥിച്ചാൽ എന്റെ ഇഹവും പരവും നഷ്ടപ്പെട്ടതുതന്നെ എന്നു പറഞ്ഞു. പക്ഷേ, നാട്ടുകാർ വിട്ടില്ല. ഒടുവിൽ അവരുടെ സമ്മർദത്തിനു വഴങ്ങി അയാൾ മൂസാ(അ)ക്കെതിരെ പ്രാർഥിച്ചു.

ഉമയ്യത്തുബ്നു അബിസ്സൽതിനെക്കുറിച്ച് ഉദ്ധരിക്കപ്പെടുന്ന കഥ ഇങ്ങനെയാണ്: മുഹമ്മദീയ പ്രവാചകത്വത്തിനു മുമ്പ് അറേബ്യയിൽ ഒരു പ്രവാചകാഗമനം ആശിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നയാളാണ് ഉമയ്യഃ. പിന്നീട് അദ്ദേഹം ബഹ്റൈനിലേക്ക് പോയി, അവിടെ എട്ടു വർഷം താമസിച്ചു. ഇക്കാലത്താണ് മുഹമ്മദ് നബിക്ക് പ്രവാചകത്വം ലഭിച്ചത്. ഉമയ്യഃ തിരിച്ചുവന്നതറിഞ്ഞ പ്രവാചകൻ അദ്ദേഹത്തെ വിളിച്ചു വരുത്തി ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ഖുർആനിലെ *സൂറത്തു യാസീൻ* ഓതിക്കേൾപ്പിക്കുകയും ചെയ്തു. ഖുർആൻ കേട്ട ഉടനെ അയാൾ ധൃതിയിൽ തിരിച്ചുപോവുകയായിരുന്നു. അതുകണ്ട് ഖുറൈശികൾ അയാളുടെ പിന്നാലെ ചെന്ന് ചോദിച്ചു: 'ഉമയ്യത്തേ, നിങ്ങൾക്ക് എന്തുതോന്നുന്നു?' അയാൾ പറഞ്ഞു: 'അദ്ദേഹം സത്യത്തിലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' അവർ ചോദിച്ചു: 'നിങ്ങളദ്ദേഹത്തെ പിന്തുടരുമോ?' 'ഞാനദ്ദേഹത്തെ ഒന്നു നിരീക്ഷിക്കട്ടെ' എന്നുപറഞ്ഞ് ഉമയ്യഃ ശാമിലേക്ക് പോയി. ബദ്ർ യുദ്ധത്തിനുശേഷമാണ് തിരിച്ചെത്തിയത്. ഇസ്‌ലാം സ്വീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് വന്നതെങ്കിലും, ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടവരെക്കുറിച്ച് കേട്ടപ്പോൾ അതു വേണ്ടെന്ന് വെച്ച് ത്വാഇഫിലേക്ക് തിരിച്ചു. അവിടെ വെച്ചു മരിച്ചു.

ഇപ്പറഞ്ഞതൊക്കെ കഥകളാണ്. ഈ സൂക്തം സൂചിപ്പിക്കുന്ന വ്യക്തി ഇന്നയാളാണെന്നും അയാളുടെ കുറ്റം ഇന്നതായിരുന്നുവെന്നും വ്യക്തമാക്കുന്ന മറ്റു സൂക്തങ്ങളോ ആധികാരികമായ നബിവചനങ്ങളോ ഇല്ല. സൂക്തം സൂചിപ്പിക്കുന്നത് ഒരു പ്രത്യേക വ്യക്തിയേയല്ലെന്നും പ്രബലമായ ഒരഭിപ്രായമുണ്ട്. ഇവിടെ സൂചിപ്പിച്ച സ്വഭാവത്തിലുള്ളവർ അക്കാലത്തും അതിനുമുമ്പും ശേഷവും ധാരാളം ഉണ്ടായിട്ടുണ്ട്. സൂക്ഷിച്ചു നോക്കിയാൽ നമ്മുടെ ചുറ്റുപാടുകളിൽതന്നെ അവരെ കാണാവുന്നതാണ്. ഈ സൂക്തം അവതരിച്ചപ്പോൾ ശ്രോതാക്കളിൽ ചിലരുടെ ഓർമയിൽ, അവർക്കറിയാമായിരുന്ന അത്തരം ചില ആളുകളുടെ കഥകൾ തെളിഞ്ഞു. അതുകൊണ്ട് അവർ ഈ സൂക്തങ്ങൾ ആ വ്യക്തിയെക്കുറിച്ചാണെന്നു പറഞ്ഞുവെന്നേയുള്ളൂ. പ്രവാചക സന്ദേശവും വേദവും സത്യമാണ് എന്ന് മനസ്സിലായശേഷം ഭൗതിക നേട്ടങ്ങളുടെയും സ്വാർഥതാൽപര്യങ്ങളുടെയും പേരിൽ അത് സ്വീകരിക്കുന്നതിൽനിന്നോ സ്വീകരിച്ച ശേഷം അനുസരിക്കുന്നതിൽനിന്നോ ഒഴിഞ്ഞുമാറുന്ന എല്ലാ വ്യക്തികളെയും സംഘങ്ങളെയും ഉൾക്കൊള്ളുന്നതാണ് ഈ വചനം. അടുത്ത സൂക്തത്തിലെ مَثَلُ ٱلْقَوْمِ (ജനത്തിന്റെ ഉപമ) എന്ന വാക്കിൽനിന്ന് വ്യക്തമാകുന്നത് അതാണ്.

സത്യജ്ഞാനം ലഭിച്ചശേഷം അതിന്റെ താൽപര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനെക്കുറിച്ച് انسلخ എന്നാണ് മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. വസ്ത്രങ്ങളെല്ലാം ഉരിഞ്ഞ് നഗ്നനാകുന്നതിന് انسلخ من ثيابه എന്നു പറയും. انسلخت الحيّة എന്നാൽ പാമ്പ് ഉറയൂരി. രാവിന്റെ ഇരുട്ടിൽനിന്ന് പകലിനെ ഉളവാക്കുന്നതിനെക്കുറിച്ച് അല്ലാഹു نَسْلَخُ مِنْهُ ٱلنَّهَارَ എന്നു പറയുന്നുണ്ട്. ഒറ്റയടിക്കുള്ള ധിക്കാരപൂർവമായ സത്യനിഷേധമല്ല ഇതുകൊണ്ടുദ്ദേശ്യം. പ്രത്യുത സത്യം ബോധ്യമായശേഷം അതിന്റെ താൽപര്യങ്ങളിൽനിന്ന് സാവകാശം ഊരിപ്പോരലാണ്. മുഹമ്മദീയ പ്രവാചകത്വവും ഇസ്‌ലാമിന്റെ ആദർശങ്ങളും ആചാരങ്ങളും സത്യമാണെന്ന് മനസ്സിലാക്കിയവർ ഖുറൈശികളിൽ ധാരാളമുണ്ടായിരുന്നു. വേദക്കാരിലുമുണ്ടായിരുന്നു. സത്യം മനസ്സിലാക്കുന്ന ആദ്യഘട്ടത്തിൽ പലരും അനുഭാവവും വിശ്വാസവും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് ആദർശതാൽപര്യങ്ങളും ഭൗതികതാൽപര്യങ്ങളും തമ്മിൽ ഏറ്റുമുട്ടുമ്പോൾ മെല്ലെ പിന്നോട്ടു പോകും. ആ പോക്ക് ഒടുവിൽ അവരെ ചെകുത്താന്റെ പാളയത്തിന്റെ മധ്യത്തിൽ കൊണ്ടെത്തിക്കുന്നു. ഇത് പ്രവാചകന്റെ കാലത്തെന്നപോലെ ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചിലർ ആദർശത്തിന്റെ വക്താക്കളും ആചാര്യന്മാരുമായി നിലകൊള്ളുമ്പോൾതന്നെ ആദർശതാൽപര്യങ്ങളിൽനിന്ന് ഊരിപ്പോരുന്നു. അതിന്റെ ഒരു രൂപമാണ് പൗരോഹിത്യം. ഇസ്‌ലാം പൗരോഹിത്യം അംഗീകരിക്കുന്നില്ലെങ്കിലും അത് പ്രഛന്ന വേഷത്തിൽ മുസ്‌ലിം സമുദായത്തിലും കടന്നുകൂടിയിട്ടുണ്ട്. മതപാണ്ഡിത്യത്തെ സ്ഥാനമാനങ്ങളും സമ്പത്തും വാരിക്കൂട്ടാനുള്ള ഉപാധിയാക്കുന്ന പണ്ഡിതന്മാർക്ക് മറ്റു സമുദായങ്ങളിലെന്ന പോലെ ഈ സമുദായത്തിലും പഞ്ഞമില്ല. അല്ലാഹുവിന്റെ സൂക്തങ്ങളിൽ പാണ്ഡിത്യം നേടിയിട്ട് അതനുസരിച്ച് പ്രവർത്തിക്കാത്തവൻ, ഉറയൂരി സ്വന്തം തൊലി മണ്ണിലുപേക്ഷിക്കുന്നവനെപ്പോലെയാകുന്നു എന്നാണ് ഈ വാക്യത്തിന്റെ ഉള്ളടക്കമെന്ന് ഉസ്താദ് വഹ്ബതുസ്സുഹൈലി പറയുന്നു. വിജ്ഞാനം വസ്ത്രം പോലെയാണ്. അറിവ് വാക്കുകളിലും വിചാരങ്ങളിലും കർമങ്ങളിലും പ്രതിഫലിക്കുമ്പോഴേ അത് വസ്ത്രമായി നിൽക്കുകയും വ്യക്തിത്വത്തിന്റെ വൈരൂപ്യങ്ങളും നഗ്നതകളും പരിഹരിക്കുകയും മറയ്ക്കുകയുമുള്ളൂ. ജീവിതത്തെ അറിവിന്റെ താൽപര്യങ്ങളിൽനിന്ന് മാറ്റിനിർത്തുന്നവൻ സ്വന്തം വസ്ത്രങ്ങളെ സ്വയം ഊരിക്കളയുകയാണ്. എത്ര നീളവും കട്ടിയുമുള്ള ഖമീസും തലപ്പാവും ധരിച്ചിട്ടുണ്ടെങ്കിലും ധർമത്തിന്റെ കണ്ണിൽ അയാൾ നഗ്നനാണ്.

സത്യജ്ഞാനത്തിലുള്ള– പ്രവാചക സന്ദേശങ്ങളിലും വേദപ്രമാണങ്ങളിലുമുള്ള– അറിവ് ലഭിച്ചവരിൽ കണ്ണും നട്ടിരിക്കുകയാണ് ചെകുത്താൻ. എങ്ങനെയാണവരെ സ്വാധീനിക്കാനാവുക, എവിടെയാണവരെ പിഴപ്പിക്കാനാവുക എന്നാണവന്റെ നോട്ടം. സത്യജ്ഞാനി തന്റെ ജ്ഞാനത്തിന്റെ താൽപര്യങ്ങളിൽ ഉറച്ചുനിൽക്കുമ്പോൾ ദൈവഭക്തനും ധർമനിഷ്ഠനുമായിരിക്കും. ആ അവസ്ഥയിൽ അയാളെ വഴിതെറ്റിക്കാൻ പിശാചിനാവില്ല. പക്ഷേ, വല്ലപ്പോഴും ഒരു ജഡികാസക്തി അയാളുടെ ഭക്തിയെയും ധർമബോധത്തെയും തളർത്തിയാൽ അത് തഖ്‌വ പുറത്തേക്ക് ഊരിവീഴാനും ചെകുത്താൻ അകത്തേക്കു നുഴഞ്ഞുകടക്കാനുമുള്ള വിടവായിത്തീരുന്നു. 43: 36–ൽ

അല്ലാഹു പറഞ്ഞു:

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾

(വല്ലവനും കരുണാവാരിധിയുടെ ഉദ്ബോധനത്തിനുനേരെ അന്ധത കൈക്കൊണ്ടാൽ അവന്നു നാം ഒരു ചെകുത്താനെ ഏർപ്പെടുത്തുന്നു. പിന്നെ ആ ചെകുത്താനായിരിക്കും അവന്റെ സന്തത സഹചാരി).

പാപങ്ങൾ ആദ്യം മുളക്കുന്നത് അവനവന്റെ ഉള്ളിൽതന്നെയാണ്, ജഡികേഛകളുടെ രൂപത്തിൽ. ആസക്തികൾക്കടിപ്പെട്ട് ഒരു പാപം ചെയ്തുപോയാൽ തഖ്‌വയുള്ളവർ ഉടനെ അതേപ്പറ്റി ബോധവാന്മാരാവുകയും പശ്ചാത്താപവിവശരാവുകയും ചെയ്യുന്നു. തഖ്‌വ ശക്തമല്ലെങ്കിൽ പശ്ചാത്താപം ദുർബലമായിരിക്കും. ഈ ദൗർബല്യം ചെകുത്താൻ മുതലെടുക്കുന്നു. അവൻ അയാളുടെ ദുർബലമായ കുറ്റബോധത്തെയും അടിച്ചമർത്തുകയും തെറ്റുകൾ ആവർത്തിക്കുന്നത് നന്നായിത്തോന്നിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് സത്യജ്ഞാനത്തിന്റെ താൽപര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നവരെ ചെകുത്താൻ പിന്തുടരുന്നത്- فَأَتْبَعَهُ ٱلشَّيْطَٰنُ فَكَانَ مِنَ ٱلْغَاوِينَ . ഓരോ പ്രാവശ്യവും തെറ്റ് ആവർത്തിക്കുമ്പോൾ കുറ്റബോധം കൂടുതൽ ക്ഷയിച്ചുവരുന്നു. ക്രമേണ തീരെ ഇല്ലാതാവുകയും തെറ്റ് ശരിയാണെന്ന് തോന്നിത്തുടങ്ങുകയും ചെയ്യുന്നു. മുങ്ങുംതോറും കുളിര് കുറഞ്ഞു കുറഞ്ഞ് തീരെ ഇല്ലാതാവുകയും പിന്നെ മുങ്ങൽ സുഖകരമാവുകയും ചെയ്യുന്നതുപോലെ. അതാണ് സത്യജ്ഞാനത്തിൽനിന്നുള്ള ഊരിപ്പോരൽ, ധാർമിക ജ്ഞാനവസ്ത്രത്തിൽനിന്നുള്ള നഗ്നമാവൽ.

كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ (അങ്ങനെയാണ് ഓരോ സമൂഹത്തിനും അവരുടെ കർമത്തെ നാം സുന്ദരമാക്കിക്കൊടുക്കുന്നത് -6:108). മനഃപൂർവം പാപങ്ങളനുവർത്തിക്കുന്നവരെക്കുറിച്ച് *സൂറഃ ഫുസ്സിലത്ത്* 25-ാം സൂക്തത്തിൽ പറയുന്നു:

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَٰسِرِينَ ﴿٢٥﴾

(നാം അവർക്ക് ചില സന്തതസഹചാരികളെ ഏർപ്പെടുത്തിക്കൊടുത്തു. ആ സഹചാരികൾ മുന്നിലും പിന്നിലുമുള്ളതൊക്കെയും അവർക്ക് സുന്ദരമാക്കിത്തോന്നിച്ചു. അങ്ങനെ അവർ ശിക്ഷാർഹരായിത്തീരുകയായിരുന്നു. ഇവർക്കുമുമ്പേ ജിന്നുവർഗത്തിലും മനുഷ്യവർഗത്തിലും പെട്ട അനേകർ ഇങ്ങനെ ശിക്ഷക്കർഹരായി കടന്നുപോയിരിക്കുന്നു. തീർച്ചയായും അവരെല്ലാം മഹാനഷ്ടത്തിലകപ്പെട്ടവരാകുന്നു).

ഒരുപാപം ചെയ്തശേഷം സ്വയം തന്നെ അതേക്കുറിച്ച് ബോധവാനാവുകയും ആവർത്തിക്കുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുമ്പോൾ ആ പാപവും അതിന്റെ പരിഹാരവും നിങ്ങളിൽനിന്നുതന്നെയുള്ളതാണ്. എന്നാൽ മനസ്സാക്ഷിയുടെ എതിർപ്പു വകവെക്കാതെ പാപം ആവർത്തിക്കുമ്പോൾ അത് ചെകുത്താന്റെ പ്രേരണയാണ്. പാപകൃത്യങ്ങൾ വീണ്ടും വീണ്ടും ചെയ്യിച്ച് മനസ്സിലെ ധർമബോധത്തെ പൂർണമായി തമസ്കരിക്കുകയും അതുവഴി നിങ്ങളെ മാർഗഭ്രഷ്ടരും അലക്ഷ്യരും - غاوون - ആക്കുകയാണ് ചെകുത്താന്റെ ലക്ഷ്യം. മരുഭൂമിയിൽ വഴിയറിയാതെ അലയുകയാണ് ഭാഷാർഥത്തിൽ غواية. അങ്ങനെ അലയുന്നവൻ غاوي. ആദർശപ്രതിബദ്ധതയോ ധാർമിക ബോധമോ ഇല്ലാതെ അലക്ഷ്യമായ ജീവിതരീതി സ്വീകരിക്കുന്നവൻ എന്ന അർഥത്തിലാണ് സാധാരണ ഉപയോഗം.

**176:** 'നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതുവഴി അവനെ ഉയർത്തുമായിരുന്നു' എന്നതിന്റെ താൽപര്യം അവൻ ഉയർത്തപ്പെടേണമെന്ന് നാം നിർബന്ധമായി തീരുമാനിച്ചിരുന്നുവെങ്കിൽ എന്നാണ്. അങ്ങനെയൊരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല അല്ലാഹു മനുഷ്യർക്ക് സത്യജ്ഞാന ദൃഷ്ടാന്തങ്ങൾ നൽകുന്നത്. മനുഷ്യന് മഹത്വത്തിന്റെ ഔന്നത്യത്തിലേക്ക് കയറിപ്പോകാനുള്ള സോപാനം കാണിച്ചുകൊടുക്കുകയാണവൻ. അതിലൂടെ കയറി മുകളിലെത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് മനുഷ്യനാണ്. കയറണമെന്നുള്ളവർക്ക് മഹത്വത്തിന്റെയും വിശുദ്ധിയുടെയും അത്യുന്നതമായ താരാപഥങ്ങളിലേക്ക് കയറിപ്പോകാം. അതിനുപക്ഷേ, മണ്ണിനോടും അതിലെ ക്ഷണിക സുഖങ്ങളോടുമുള്ള ആർത്തിയെ നിയന്ത്രിച്ചേ തീരൂ. അതിനു തയാറാവാത്തവർ സത്യജ്ഞാനം ലഭിച്ച ശേഷവും ഉന്നതങ്ങളായ താരാപഥങ്ങളെ അവഗണിച്ച് മണ്ണിൽ പറ്റിപ്പിടിച്ചു കിടക്കുകയും ഭൗതികമായ ആസക്തികളുടെ പിന്നാലെ പോവുകയും ചെയ്യും. അവരുടെ അവസ്ഥ, സദാ ആർത്തി പൂണ്ടു നടക്കുന്ന പട്ടികളുടെ അവസ്ഥക്കു തുല്യമാകുന്നു. നിങ്ങളതിനെ ആട്ടിപ്പായിക്കുമ്പോൾ അത് നാക്കുനീട്ടി കിതച്ചുകൊണ്ടിരിക്കും. വയറുനിറയെ മാംസവും പാലും കൊടുത്ത് മടിയിലിരുത്തി ലാളിക്കുമ്പോഴും അത് നാക്കുനീട്ടി കിതച്ചുകൊണ്ടിരിക്കും, ഭയങ്കരമായ ക്ലേശത്തിൽപെട്ടതുപോലെ, അല്ലെങ്കിൽ ഒരു നുള്ളു ഭക്ഷണത്തിനുവേണ്ടി കേഴുന്നതുപോലെ. إِن تَحْمِلْ عَلَيْهِ എന്ന വാക്കിന്റെ നേർക്കുനേരെയുള്ള അർഥം 'നീ അതിന്റെ മേൽ വഹിച്ചാൽ' എന്നാണ്. നീ അതിനുനേരെ വടി അല്ലെങ്കിൽ കല്ല് ഉയർത്തിയാൽ, അടിക്കുകയോ എറിയുകയോ ചെയ്താൽ എന്നാണ് താൽപര്യമെന്നാണ് അധികപണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. നിങ്ങളതിനെ വേദം വഹിപ്പിച്ചാലും അഥവാ അതിനോട് വേദമോതിയാലും ഇല്ലെങ്കിലും അതു നാക്കുനീട്ടി കിതച്ചുകൊണ്ടിരിക്കും എന്നുമാവാം ഉദ്ദേശ്യം. വേദം നൽകിയിട്ട് അതിലെ പ്രമാണങ്ങൾ അനുസരിക്കാതിരുന്ന യഹൂദരെ ഖുർആൻ മറ്റൊരിടത്ത് ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയെപ്പോലെ - كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا - എന്ന് ഉപമിച്ചിട്ടുണ്ട്. തിന്നാനും തീറ്റപ്പണ്ടം കണ്ടെത്താനുമുള്ള ആർത്തി പട്ടിയുടെ പ്രകൃതിയാണ്. മറ്റുള്ള ജന്തുക്കളെപ്പോലെ തലപൊക്കിയല്ല; തിന്നാവുന്നതെന്തെങ്കിലും കിടക്കുന്നുണ്ടോ എന്ന് മണത്തുകൊണ്ട് മുഖം മണ്ണിലേക്കു താഴ്ത്തിയാണ് പട്ടികൾ നടക്കുക. എത്ര വയറുനിറഞ്ഞാലും ഭക്ഷണം വിട്ടുപിരിയാൻ അതിനു മനസ്സുവരില്ല. മനുഷ്യമലമുൾപ്പെടെ എന്തും തിന്നുന്ന ജീവികളിലൊന്നാണത്. മാംസത്തിന്റെ അംശമൊന്നുമില്ലാത്ത, പൊട്ടിക്കാനോ ചവച്ചിറക്കാനോ പറ്റാത്ത ഒരെല്ലിൻകഷ്ണം കിട്ടിയാൽ അതും കടിച്ചു പിടിച്ചു നടക്കും. പട്ടിയുടെ ലൈംഗിക വൃത്തിയിലും കാണാം ഈ ആർത്തിയും നിർലജ്ജതയും. സദാ നേരത്തും നാവുനീട്ടിയുള്ള കിതപ്പുതന്നെ അതിന്റെ അവസാനമില്ലാത്ത ആർത്തിയുടെയും വ്യഗ്രതയുടെയും പ്രകടനമാണ്.

ഇതുതന്നെയാണ് ആത്മീയവും അഭൗതികവുമായ യാഥാർഥ്യങ്ങളുടെ ദൃഷ്ടാന്തങ്ങൾ ലഭിച്ചിട്ടും അവയോട് കൂറുപുലർത്താതെ ക്ഷുദ്രമായ ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി അവയെ വഞ്ചിക്കുന്നവരുടെയും അവസ്ഥ. ഇവിടെ ജനത്തിന്റെ ഉപമ - مَثَلُ ٱلْقَوْمِ -എന്ന വാക്ക് യഹൂദ സമുദായത്തെ സൂചിപ്പിക്കുന്നതായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മുൻ സൂക്തത്തിലും ഈ സൂക്തത്തിലും പരാമർശിച്ച آيات -ന്റെ വിവക്ഷയിൽ മുഹമ്മദീയ പ്രവാചകത്വം സംബന്ധിച്ച് തൗറാത്തിൽ വന്നിട്ടുള്ള പ്രവചനങ്ങളും ഉൾപ്പെടുന്നു. ആ പ്രവചനങ്ങളെ തള്ളിപ്പറയുന്നവർ എന്ന അർഥത്തിലാണ് ഇവിടെ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا എന്നു പറഞ്ഞിരിക്കുന്നത്. തൗറാത്തിൽ മുഹമ്മദീയ പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തങ്ങൾ പ്രസ്താവിച്ചത് തൗറാത്തിന്റെ വാഹകർ ഈ പ്രവാചകനെ അനായാസം തിരിച്ചറിയാനും അങ്ങനെ മറ്റുള്ളവർക്കുമുമ്പേ അദ്ദേഹത്തെ വി

ശ്വസിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ട് മഹത്വത്തിന്റെയും വിശുദ്ധിയുടെയും ഔന്നത്യങ്ങൾ നേടുന്നതിനും വേണ്ടിയാണ്. പക്ഷേ, യഹൂദർ ദൈവിക ദൃഷ്ടാന്തങ്ങളെയെല്ലാം തള്ളിപ്പറഞ്ഞുകൊണ്ട് അധമമായ മണ്ണിന്റെ ചേറും ചെളിയുമായ സങ്കുചിത വംശീയ ദേശീയ ദുരഭിമാനത്തിലും സാമ്പത്തിക രാഷ്ട്രീയ ലാഭങ്ങളിലും ഒട്ടിനിന്നു. അങ്ങനെ അവർ നേരത്തേ പറഞ്ഞ പട്ടിയുടെ അവസ്ഥയിലേക്ക് അധഃപതിച്ചു പോയി.

'കഥകൾ പറഞ്ഞുകൊടുക്കുക' എന്നതിന്റെ താൽപര്യം ബിലെയാമിനെയും ഉമയ്യത്തുബ്നു അബിസ്സ്വൽതിനെയും പോലുള്ള വ്യക്തികളുടെ ചരിത്രം പറഞ്ഞുകൊടുക്കുക എന്നാവാം. ഇസ്രായേൽ സമുദായത്തിന്റെ ചരിത്രം പറഞ്ഞുകൊടുക്കുക എന്നുമാവാം. മുഹമ്മദീയ പ്രവാചകത്വം സംബന്ധിച്ച് തൗറാത്തിലുള്ള പ്രവചനങ്ങൾ പറഞ്ഞുകൊടുക്കുക എന്നാണെന്നും അഭിപ്രായമുണ്ട്. സംബോധിതർ അറബികളായതുകൊണ്ട് പറഞ്ഞുകൊടുക്കേണ്ടത് അറബികൾക്കാണെന്നു വ്യക്തമാണ്. സൂക്തങ്ങൾ സംബോധന ചെയ്യുന്നത് യഹൂദരാണെന്ന അഭിപ്രായമനുസരിച്ച് യഹൂദർക്കും. അറബികളും യഹൂദരും ഉൾപ്പെടെ പ്രവാചകന്റെ ചുറ്റുമുള്ള എല്ലാവർക്കും പറഞ്ഞുകൊടുക്കുക എന്ന അർഥത്തിലെടുക്കുന്നതാണ് കൂടുതൽ യുക്തം. ■